## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 567 28.09.2016-ന് മറുപടിയ്ക്ക്**

## വനഭൂമി കയ്യേററം

**ചോദ്യം**

**ശ്രീ. സി. ദിവാകരൻ**
**ശ്രീ. ഇ.കെ.വിജയൻ**
**ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനഭൂമി കയ്യേറുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വനം കയ്യേറ്റശ്രമങ്ങൾ യഥാസമയം കണ്ടെത്തി അവ തടയുകയും, വനം കൈയ്യേറ്റം ഉണ്ടായാൽ ആയത് ഉടനടി ഒഴിപ്പിച്ച് കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും, വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും വനസംരക്ഷണം ഉറപ്പാക്കുന്നു. വനാതിർത്തിയോട് ചേർന്നുള്ള പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെയുള്ള വനപരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ വഴി വനം കൈയ്യേറ്റശ്രമങ്ങൾ തടയുന്നു. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. ജീവനക്കാർക്ക് ആവശ്യമായ ആധുനിക ആയുധങ്ങൾ, വാഹനങ്ങൾ, വാർത്താ വിനിമയ ഉപകരണങ്ങൾ എന്നിവ നൽകി സജ്ജരാക്കിയിട്ടുണ്ട്. റവന്യൂ, പോലീസ് അധികാരികളുടെ സഹായത്തോടെ വനം കയ്യേറ്റം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. 01.01.1977 ന് ശേഷമുള്ള വനംകയ്യേറ്റം ഒഴിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കാനായി സംസ്ഥാന-സർക്കിൾ തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണം ഏകോപിപ്പിച്ച് വനംകയ്യേറ്റങ്ങൾ ഫലപ്രദമായി ഒഴിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വനത്തിലും വനാതിർത്തിയോടു ചേർന്നും ജീവിക്കുന്ന ജനവിഭാഗങ്ങളെ വനസംരക്ഷണത്തിനായി ഉപയോഗപ്പെടുത്താൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. 1988 ലെ ദേശീയ വന നയത്തിന്റെ ഭാഗമായി കേരളത്തിലും പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. വന സംരക്ഷണവും, വനാശ്രിത സമൂഹത്തിന്റെ ജീവിതോപാധി വർദ്ധനവും എന്ന ദ്വിതല ലക്ഷ്യമാണ് പങ്കാളിത്ത വനപരിപാലനം എന്നതിലൂടെ ലക്ഷ്യമിടുന്നത്. വനവൽക്കരണം, സംരക്ഷണം, പരിപാലന പ്രക്രിയകളിൽ തദ്ദേശിയവാസികളായ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനം വകുപ്പ് വിവധ തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. വനാശ്രിതസമൂഹങ്ങൾ അംഗങ്ങളായ വനസംരക്ഷണസമിതികൾ (വി.എസ്.എസ്)/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) എന്നിവ വഴിയാണ് കേരളത്തിൽ പങ്കാളിത്ത വനപരിപാലനം നടത്തി വരുന്നത്. ദേശീയ ബാംബൂ മിഷൻ, നാഷണൽ അഫോറസ്റ്റേഷൻ പ്രോഗ്രാം, ഗ്രീൻ ഇന്ത്യാ മിഷൻ തുടങ്ങിയ പദ്ധതികൾ വനം വകുപ്പ് നടപ്പിലാക്കുന്നത് വഴി വനാശ്രിത സമൂഹത്തിന് തൊഴിലും മറ്റ് അതിജീവനമാർഗ്ഗങ്ങളും സൃഷ്ടിക്കുകയും അവരുടെ വനാശ്രിതത്വം കുറച്ച് വനം കയ്യേറ്റം തടയുന്നതുൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങളിൽ വി.എസ്.എസ്/ഇ.ഡി.സി അംഗങ്ങൾ പങ്കാളികളാകുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**